# കൈത്താക്കാലം ഒന്നാം ഞായർ

# വിരുന്ന്

(ലൂക്കാ 14, 7-14)

1. ഓരോ വിരുന്നുമേശയും ഓരോ വിരുന്നുണ്ണലും ക്രിസ്തുവിനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നത് സ്വർഗ്ഗത്തിൽ പിതാവിനോടൊത്തുള്ള നിത്യമായ വിരുന്നിനെയായിരുന്നു.
    - ഭൂമിയിലെ ഓരോ സാധാരണ അനുഭവത്തിന്റെ പിന്നിലും ഇത്തരം ഒരു സ്വർഗ്ഗീയ അനുഭവത്തിന്റെ ഓർമ്മ എത്രയോ മഹത്താണ്.

2. ഒന്നിനോടും തുലനം ചെയ്യാനാവാത്ത സ്വർഗ്ഗവിരുന്നിൽ തരം തിരിവുകളോ സ്ഥാനവ്യത്യാസങ്ങളോ റിസർവേഷനോ ഇല്ല. നിന്റെ നന്മയും ദൈവത്തിന്റെ കരുണയുമാണ്, വിരുന്നിലെ ആനന്ദത്തിന്റെ അടിസ്ഥാനം.
    - ഭൂമിയിൽ സ്ഥാനവും പേരും പ്രശസ്തിയും അധികാരവും നേടുന്നവരുടെ അല്പത്വത്തെ ക്രിസ്തു പുച്ഛിക്കുകയാണ്. ക്രൈസ്തവന്റെ സ്വപ്നങ്ങൾ ഇത്രത്തോളം ചെറുതാകാൻ പാടില്ല, അത്രതന്നെ.
    - അതുകൊണ്ട്, ഭൂമിയിലെ വിരുന്നുമേശകളിലിരുന്ന് സ്വർഗ്ഗത്തിലെ വിരുന്നുമേശയെ സ്വപ്നംകണ്ടുതുടങ്ങേണ്ട കാലമായി എന്ന് ക്രിസ്തു ഓർമ്മിപ്പിക്കുകയാണ്.

3. ഒരു തുണ്ട് സ്വർഗ്ഗദർശനം ഹൃദയത്തിൽ സൂക്ഷിക്കുന്നവന് കാഴ്ചപ്പാടുകളിലും മനോഭാവങ്ങളിലും അദ്ഭുദാവഹമായ വ്യത്യാസം ഉണ്ടായിത്തുടങ്ങും.

- അങ്ങനെയൊരു സ്വർഗ്ഗദർശനം ഹൃദയത്തിൽ സൂക്ഷിക്കുന്നവന്റെ മുമ്പിൽ ധനികനും ദരിദ്രനും, ശത്രുവും മിത്രവും ഒക്കെ വ്യത്യാസങ്ങളില്ലാത്തവരായി മാറും. അങ്ങനെ ധനികനെയും ദരിദ്രനെയും ശത്രുവിനെയും മിത്രത്തെയും ഒരുപോലെ സ്വന്തം ജീവിതമാകുന്ന വിരുന്നുമേശയിലേക്കു സ്വീകരിക്കുന്നവന്റെ അവകാശമാണ് സ്വർഗ്ഗം.

## എന്റെ മനസ്സിനോട്...

1. ഭൂമിയിലെ സന്തോഷങ്ങളിലും സുഖങ്ങളിലും മതിമറക്കുന്ന അല്പമനുഷ്യന്റെ ഉടമയാണോ ഞാൻ ?
2. ക്രിസ്തുവിനെപ്പോലെ, ഭൗമികമായ ദർശനങ്ങൾക്കും അനുഭവങ്ങൾക്കും പിന്നിൽ ഒരു സ്വർഗ്ഗീയ ദർശനം എനിക്കു രൂപപ്പെടുത്തിയെടുക്കാനാകുന്നുണ്ടോ ?
3. സ്വർഗ്ഗത്തിലെ വിരുന്നുമേശയെ ഞാൻ കൊതിച്ചു തുടങ്ങിയിട്ടുണ്ടോ ?

- ഫാ. അജോ രാമച്ചനാട്ട്